## പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1150 — 03.12.2015 ൽ മറുപടിയ്ക്ക്

### സ്കൂൾ കലോൽസവങ്ങൾ

| ചോദ്യം<br>ശ്രീ.എളമരം കരീം | | ഉത്തരം<br>ശ്രീ.പി.കെ..അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
|---|---|---|
| (എ) റവന്യൂ ജില്ലാ, സംസ്ഥാന സ്കൂൾ കലോൽസവങ്ങളിൽ അപ്പീൽ അധികാരികൾ ആയി ആരെയൊക്കെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നതെന്ന് വിശദീകരിക്കാമോ; ഇതു സംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (എ) | റവന്യൂ ജില്ലാ, സംസ്ഥാന സ്കൂൾ കലോൽസവങ്ങളിൽ അപ്പീൽ അധികാരികൾ ആയി ചുമതലപ്പെടുത്തിയിരിക്കുന്നവരുടെ വിശദവിവരം അനുബന്ധം(I) ആയി ചേർക്കുന്നു. ഇത് സംബന്ധിച്ച കേരള സ്കൂൾ കലോത്സവമാന്വലിന്റെ പ്രസക്ത ഭാഗത്തിന്റെ പകർപ്പ് അനുബന്ധം (II) ആയി ചേർക്കുന്നു. |
| (ബി) കോടതികൾക്ക് പുറമേ ജൂഡീഷ്യൽ സ്വഭാവമുള്ള മറ്റേതെങ്കിലും സ്ഥാപനങ്ങൾക്ക് അപ്പീൽ പരിഗണിക്കുന്നതിന് അധികാരം നൽകിയിട്ടുണ്ടോ; | (ബി) | കോടതി ഉൾപ്പെടെ ജുഡീഷ്യൽ സ്വഭാവമുള്ള ഒരു സ്ഥാപനത്തിനും അപ്പീൽ പരിഗണിക്കുന്നതിന് അധികാരം നൽകിയിട്ടില്ല. |
| (സി) പ്രസ്തുത അപ്പീലുകൾ അനുവദിക്കുമ്പോൾ ബന്ധപ്പെട്ട ഇനങ്ങളിലെ വിദഗ്ദ്ധരുടെ അഭിപ്രായം ആരായാറുണ്ടോ; | (സി) | അപ്പീൽ കമ്മിറ്റിയിൽ വിദഗ്ദ്ധരെ ഉൾപ്പെടുത്തിയിട്ടുണ്ട്. അവരുടെ അഭിപ്രായപ്രകാരമാണ് വിദ്യാഭ്യാസ ഉപഡയറക്ടർ റവന്യൂ ജില്ലയിലും സംസ്ഥാനതലത്തിൽ പൊതു വിദ്യാഭ്യാസ ഡയറക്ടറും അപ്പീലുകൾ അനുവദിക്കുന്നത്. |
| (ഡി) വിദ്യാർത്ഥി പങ്കെടുത്ത ഇനത്തിന്റെ വീഡിയോ റിക്കോർഡ് ചെയ്ത് ആ ഇനത്തിലെ വ്ദഗ്ദ്ധർ കണ്ടിട്ടാണോ അപ്പീൽ അനുവദിക്കുന്നത്; | (ഡി) | ആവശ്യമെങ്കിൽ വീഡിയോ റിക്കോർഡ് ചെയ്ത് വ്ദഗ്ദ്ധർ കണ്ടിട്ടാണ് അപ്പീൽ അനുവദിക്കുന്നത്. |
| (ഇ) ബാലാവകാശ കമ്മീഷനും മനുഷ്യാവകാശകമ്മീഷനും അപ്പീൽ അനുവദിക്കാനുള്ള അധികാരം നൽകിയിട്ടുണ്ടോ; എങ്കിൽ അതിന് ആധാരമായ ഉത്തരവിന്റെയോ നിയമത്തിന്റെയോ പകർപ്പ് ലഭ്യമാക്കുമോ; | (ഇ) | അധികാരം നൽകിയിട്ടില്ല. |

| | | | |
|---|---|---|---|
| (എഫ്) | 2014-15 കാലയളവിൽ ബഹു.കോടതികളും ഡി.പി.ഐ യും കൂടാതെ മറ്റ് ഏതെല്ലാം വിഭാഗങ്ങൾ അനുവദിച്ച അപ്പീൽ പ്രകാരമാണ് റവന്യൂ, ജില്ലാ, സംസ്ഥാന കലോൽസവങ്ങളിൽ വിദ്യാർത്ഥികൾക്ക് പങ്കെടുക്കാൻ സാധിച്ചതെന്നും അവ എത്ര എണ്ണം വീതം എന്നും വ്യക്തമാക്കുമോ; | (എഫ്) | റവന്യൂ, ജില്ലാ, സംസ്ഥാന കലോൽസവങ്ങളിൽ പങ്കെടുക്കുന്നതിന് ഡി.പി.ഐ അപ്പീൽ അനുവദിക്കാറില്ല. സംസ്ഥാന കലോൽസവത്തിൽ പങ്കെടുക്കുന്നതിന് അനുവദിച്ച അപ്പീലുകളുടെ വിവരം താഴെ വിശദമാക്കുന്നു.<br><br>1. വിദ്യാഭ്യാസ ഉപഡയറക്ടർമാർ അനുവദിച്ച അപ്പീലുകൾ - 974<br>2. ബഹു.ഹൈക്കോടതി അനുവദിച്ച അപ്പീലുകൾ - 23<br>3. കീഴ്ക്കോടതികൾ അനുവദിച്ച അപ്പീലുകൾ - 9<br>4. ലോകായുക്ത അനുവദിച്ച അപ്പീലുകൾ - 160<br>5. മുൻസിഫ് കോടതി അനുവദിച്ച അപ്പീലുകൾ - 152<br>6. ബാലാവകാശ കമ്മീഷൻ അനുവദിച്ച അപ്പീലുകൾ - 121<br>7. ചൈൽഡ് വെൽഫയർ കമ്മിറ്റി വയനാട് അനുവദിച്ച അപ്പീലുകൾ - 6<br>ആകെ - 1445 |
| (ജി) | കലോൽസവ മാന്വലിൽ അപ്പീൽ അധികാരികൾ ആരൊക്കെയാണ് എന്നതിന്റെ പകർപ്പ് ലഭ്യമാക്കുമോ; കോടതികളും ഡി.പി.ഐ യും അപ്പീൽ അനുവദിക്കുമ്പോൾ അവതരിപ്പിച്ച ഇനം കാണാതെ എന്തടിസ്ഥാനത്തിലാണ് അപ്പീൽ അനുവദിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (ജി) | കലോൽസവ മാന്വലിന്റെ പ്രസക്ത ഭാഗങ്ങളുടെ പകർപ്പ് അനുബന്ധം (II) ആയി ചേർക്കുന്നു.<br>സംസ്ഥാനതല മത്സരത്തിൽ ഡി.പി.ഐ അപ്പീൽ അനുവദിക്കുമ്പോൾ അവതരിപ്പിച്ച ഇനം ആവശ്യമെങ്കിൽ വീഡിയോ റിക്കോർഡിംഗ് പരിശോധിക്കാറുണ്ട്. കോടതികൾ അപ്പീൽ അനുവദിക്കുമ്പോൾ സ്വീകരിക്കുന്ന മാനദണ്ഡം സംബന്ധിച്ച വിവരം സർക്കാരിൽ ലഭ്യമല്ല. |

സെക്ഷൻ ഓഫീസർ

## അനുബന്ധം (I)

### റവന്യൂ ജില്ലാ അപ്പീൽ കമ്മിറ്റി

1. വിദ്യാഭ്യാസ ഉപഡയറക്ടർ, ചെയർമാൻ
2. അതാത് റീജിയണിലെ ഹയർ സെക്കൻഡറി ആർ.ഡി.ഡി (അംഗം)
3. അസിസ്റ്റന്റ് ഡയറക്ടർ, വൊക്കേഷണൽ ഹയർ സെക്കൻഡറി (അംഗം)
4. ശാസ്ത്രീയ നൃത്തങ്ങളിൽ വിദഗ്ദ്ധൻ/വിദഗ്ദ്ധ (അംഗം)
5. ശാസ്ത്രീയ ലളിത സംഗീതത്തിൽ വിദഗ്ദ്ധൻ/വിദഗ്ദ്ധ (അംഗം)
6. ഉപകരണ സംഗീതത്തിൽ വിദഗ്ദ്ധൻ/വിദഗ്ദ്ധ (അംഗം)
7. ചിത്രകലയിൽ വിദഗ്ദ്ധൻ/വിദഗ്ദ്ധ (അംഗം)
8. താളവാദ്യത്തിൽ വിദഗ്ദ്ധൻ/വിദഗ്ദ്ധ (അംഗം)
9. ഭാഷാ സാഹിത്യത്തിൽ വിദഗ്ദ്ധൻ/വിദഗ്ദ്ധ (അംഗം)

### സംസ്ഥാനതല അപ്പീൽ കമ്മിറ്റി

1. പൊതു വിദ്യാഭ്യാസ ഡയറക്ടർ, ചെയർമാൻ
2. ഹയർ സെക്കൻഡറി ഡയറക്ടർ, (അംഗം)
3. വൊക്കേഷണൽ ഹയർ സെക്കണ്ടറി ഡയറക്ടർ ( അംഗം)
4. ശാസ്ത്രീയ നൃത്തങ്ങളിൽ വിദഗ്ദ്ധൻ/വിദഗ്ദ്ധ (അംഗം)
5. ശാസ്ത്രീയ ലളിത സംഗീതത്തിൽ വിദഗ്ദ്ധൻ/വിദഗ്ദ്ധ (അംഗം)
6. മാപ്പിള കലകളിൽ വിദഗ്ദ്ധൻ/വിദഗ്ദ്ധ (അംഗം)
7. ഉപകരണ സംഗീതത്തിൽ വിദഗ്ദ്ധൻ/വിദഗ്ദ്ധ (അംഗം)
8. ചിത്രകലയിൽ വിദഗ്ദ്ധൻ/വിദഗ്ദ്ധ (അംഗം)
9. താളവാദ്യത്തിൽ വിദഗ്ദ്ധൻ/വിദഗ്ദ്ധ (അംഗം)
10. ഭാഷാ സാഹിത്യത്തിൽ വിദഗ്ദ്ധൻ/വിദഗ്ദ്ധ (അംഗം)
11. അഭിനയ കലകളിൽ വിദഗ്ദ്ധൻ/വിദഗ്ദ്ധ (അംഗം)

## അദ്ധ്യായം - 12

# അപ്പീൽ കമ്മിറ്റി

### 12.01 സ്കൂൾതല അപ്പീൽ കമ്മിറ്റി

1. സ്കൂൾതല മത്സരത്തിലെ വിധിനിർണയത്തിലെ പരാതികൾ ഉണ്ടെങ്കിൽ കേൾക്കാനും തീർപ്പു കൽപ്പിക്കുന്നതിനുമായി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ അദ്ധ്യക്ഷനായി വി.എച്ച്.എസ്.ഇ അസിസ്റ്റന്റ് ഡയറക്ടർ, എച്ച് എസ്.ഇ റീജണൽ ഡപ്യൂട്ടി ഡയറ്കടർ എന്നിവരോ അവർ ഓരോരുത്തരും ചുമതലപ്പെടുത്തുന്ന പ്രതിനിധിയോ മറ്റ് രണ്ടു വിദഗ്ധർ എന്നിങ്ങനെ അഞ്ചു പേർ ഉൾപ്പെടുന്ന അപ്പീൽ കമ്മിറ്റി ഉണ്ടായിരിക്കും.

2. ഫലം പ്രഖ്യാപിച്ച് ഒരു മണിക്കൂറിനകം 500 രൂപ ഫീസ് സഹിതം പരാതികൾ അനുബന്ധം IIIൽ കൊടുത്തിരിക്കുന്ന ഫോറത്തിൽ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്കോ സ്കൂൾ പ്രിൻസിപ്പളിനോ, ഹെഡ്മാസ്റ്റർക്കോ മത്സരാർത്ഥി നൽകേണ്ടതാണ്. അപ്പീൽ തീർപ്പ് അനുകൂലമായാൽ അപ്പീൽ ഫീസ് മുഴുവൻ തിരിച്ചു നൽകുന്നതാണ്. അനുകൂലമല്ലെങ്കിൽ ടി തുക മേളയുടെ സംഘാടക സമിതിക്ക് കൈമാറേണ്ടതാണ്.

3. സ്കൂളിൽ ലഭിക്കുന്ന അപ്പീൽ അപേക്ഷകൾ ഉടൻ തന്നെ കമ്മിറ്റിയുടെ പരിഗണനയ്ക്കായി ബന്ധപ്പെട്ട രേഖകൾ സഹിതം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് സമർപ്പിക്കേണ്ടതാണ്.

4. പരാതികൾ അപ്പീൽ കമ്മിറ്റി വിശദമായി പരിശോധിച്ച് അഞ്ചു ദിവസം/ ഉപജില്ലാ കലോത്സവത്തിന് മുമ്പ് (ഇതിൽ ഏതാണ് ആദ്യം) തീരുമാനം എടുക്കണം. തീരുമാനം ബന്ധപ്പെട്ടവരെ രേഖാമൂലം അറിയിക്കേണ്ടതാണ്.

### 12.02 ഉപജില്ലാതല അപ്പീൽ കമ്മിറ്റി

1. ഉപജില്ലാ തല മത്സരത്തിലെ വിധിനിർണയത്തിലെ പരാതികൾ ഉണ്ടെങ്കിൽ കേൾക്കാനും തീർപ്പു കൽപ്പിക്കുന്നതിനുമായി ജില്ലാ വിദ്യാഭ്യാസ ഓഫീസർ അദ്ധ്യക്ഷനായി വി.എച്ച്.എസ്.ഇ അസിസ്റ്റന്റ് ഡയറക്ടർ, എച്ച് എസ്.ഇ റീജണൽ ഡപ്യൂട്ടി ഡയറ്കടർ എന്നിവരോ അവർ ഓരോരുത്തരും ചുമതലപ്പെടുത്തുന്ന പ്രതിനിധിയോ മറ്റ് രണ്ടു വിദഗ്ധർ എന്നിങ്ങനെ അഞ്ചു പേർ ഉൾപ്പെടുന്ന അപ്പീൽ കമ്മിറ്റി ഉണ്ടായിരിക്കും.

2. ഉപജില്ലാ തല മത്സരഫലം പ്രഖ്യാപിച്ച് ഒരു മണിക്കൂറിനകം 500 രൂപ ഫീസ് സഹിതം പരാതികൾ അനുബന്ധം IIIൽ കൊടുത്തിരിക്കുന്ന ഫോറത്തിൽ പരാ

തികൾ തയ്യാറാക്കി ഒപ്പിട്ട് ബന്ധപ്പെട്ട ജില്ലാ വിദ്യാഭ്യാസ ഓഫീസർക്കോ ജനറൽ കൺവീനർക്കോ മത്സരാർത്ഥി/ടീം മാനേജർ നൽകേണ്ടതാണ്. അപ്പീൽ തീർപ്പ് അനുകൂലമായാൽ അപ്പീൽ ഫീസ് മുഴുവൻ തിരിച്ചു നൽകുന്നതാണ്. അനുകൂലമല്ലെങ്കിൽ ടി തുക മേളയുടെ സംഘാടക സമിതിക്ക് കൈമാറേണ്ടതാണ്.

3. ജനറൽ കൺവീനർക്ക് ലഭിക്കുന്ന അപ്പീൽ അപേക്ഷകൾ ഉടൻ തന്നെ കമ്മിറ്റിയുടെ പരിഗണനയ്ക്കായി ബന്ധപ്പെട്ട രേഖകൾ സഹിതം ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് സമർപ്പിക്കേണ്ടതാണ്.

4. പരാതികൾ അപ്പീൽ കമ്മിറ്റി വിശദമായി പരിശോധിച്ച് അഞ്ചു ദിവസം/ റവന്യു ജില്ലാ കലോത്സവത്തിന് മുമ്പ് (ഇതിൽ ഏതാണ് ആദ്യം) തീരുമാനം എടുക്കണം. തീരുമാനം ബന്ധപ്പെട്ടവരെ രേഖാമൂലം അറിയിക്കേണ്ടതാണ്.

### 12.03 റവന്യൂജില്ലാതല അപ്പീൽ കമ്മിറ്റി

1. റവന്യു ജില്ലാ കലോത്സവ മത്സരങ്ങളുടെ വിധിനിർണ്ണയത്തിനെതിരെ എന്തെങ്കിലും പരാതികൾ ഉണ്ടെങ്കിൽ അവ കേൾക്കുന്നതിനും തീർപ്പു കൽപ്പിക്കുന്നതിനുമായി വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ ചെയർമാനും അതത് റീജണിലെ ആർ.ഡി.ഡിയും വി.എച്ച്.എസ്.ഇ അസിസ്റ്റന്റ് ഡയറക്ടറുൾപ്പെട്ട അപ്പീൽ കമ്മിറ്റി സ്കൂൾ വർഷാരംഭത്തിൽ തന്നെ രൂപീകരിക്കേണ്ടതാണ്. അപ്പീൽ കമ്മിറ്റിയിൽ ചെയർമാനുൾപ്പെടെ 9 അംഗങ്ങൾ ഉണ്ടായിരിക്കും. താഴെ പറയുന്ന വിവിധ കലാരംഗങ്ങളിൽ പ്രവർത്തിക്കുന്ന പ്രശസ്തരായ കലാകാരന്മാരെ ഡെപ്യൂട്ടി ഡയറക്ടർ മെമ്പർമാരായി, അവരുടെ സമ്മതത്തോടെ നാമനിർദ്ദേശം ചെയ്യണം. ഇവർക്ക് പുറമെ ഏതെങ്കിലും വിഭാഗത്തിൽ വിധി നിർണയത്തിന് വിദഗ്ധരുടെ സേവനം ആവശ്യമായി വരികയാണെങ്കിൽ അവരെ ഉൾപ്പെടുത്തുന്നതിന് ചെയർമാന് അധികാരമുണ്ടായിരിക്കും.

1. ശാസ്ത്രീയ നൃത്തങ്ങളിൽ വിദഗ്ധൻ/വിദഗ്ധ
2. ശാസ്ത്രീയ ലളിതസംഗീതത്തിൽ വിദഗ്ധൻ/ വിദഗ്ധ
3. ഉപകരണ സംഗീതത്തിൽ വിദഗ്ധൻ/വിദഗ്ധ
4. ചിത്രകലയിൽ വിദഗ്ധൻ/ വിദഗ്ധ
5. താളവാദ്യത്തിൽ വിദഗ്ധൻ/ വിദഗ്ധ
6. ഭാഷാസാഹിത്യത്തിൽ വിദഗ്ധൻ/വിദഗ്ധ

2. അപ്പീൽ കമ്മിറ്റിയുടെ കാലാവധി ഒരു വർഷമോ അടുത്ത വർഷത്തേയ്ക്കുള്ള ഔദ്യോഗിക കമ്മിറ്റി രൂപികരിക്കുന്നതുവരെയോ ആയിരിക്കും. അപ്പീൽ കമ്മിറ്റി രൂപികരിച്ചുകൊണ്ടുള്ള ഔദ്യോഗിക ഉത്തരവ് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ പുറപ്പെടുവിക്കേണ്ടതാണ്.

3. അപ്പീൽ കമ്മിറ്റി അംഗങ്ങളുടെ ബയോഡേറ്റ ചെയർമാൻ വാങ്ങി സൂക്ഷിക്കേണ്ടതാണ്.

4. അപ്പീൽ കമ്മിറ്റി അംഗങ്ങളായി നിയമിക്കപ്പെടുന്നവർ മാനുവലിൽ പറയുന്ന സത്യപ്രസ്താവന അനുബന്ധം Vൽ ചെയർമാന് നൽകേണ്ടതാണ്.

5. ജില്ലാതല അപ്പീൽ കമ്മിറ്റി സാങ്കേതികവും നിയമപരവുമായ കാര്യങ്ങൾ മാത്രം പരിഗണിച്ച് വിശകലനം ചെയ്യേണ്ടതും കാര്യകാരണ സഹിതം വിശദമായ നടപടി ഉത്തരവ് പുറപ്പെടുവിക്കേണ്ടതുമാണ്.

6. റവന്യൂജില്ലാ തല മത്സരഫലം പ്രഖ്യാപിച്ച് ഒരു മണിക്കൂറിനകം 500 രൂപ ഫീസ് സഹിതം പരാതികൾ അനുബന്ധം IIIൽ കൊടുത്തിരിക്കുന്ന ഫോറത്തിൽ പരാതികൾ തയ്യാറാക്കി ഒപ്പിട്ട് ബന്ധപ്പെട്ട വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർക്കോ ജനറൽ കൺവീനർക്കോ മത്സരാർത്ഥി/ടീം മാനേജർ നൽകേണ്ടതാണ്. അപ്പീൽ തീർപ്പ് അനുകൂലമായാൽ അപ്പീൽ ഫീസ് മുഴുവൻ തിരിച്ചു നൽകുന്നതാണ്. അനുകൂലമല്ലെങ്കിൽ ടി തുക മേളയുടെ സംഘാടക സമിതിക്ക് കൈമാറേണ്ടതാണ്.

7. പരാതികൾ അപ്പീൽ കമ്മിറ്റി വിശദമായി പരിശോധിച്ച് അഞ്ചു ദിവസം/ സംസ്ഥാനതല കലോത്സവത്തിന് മുമ്പ് (ഇതിൽ ഏതാണ് ആദ്യം) തീരുമാനം എടുക്കണം. തീരുമാനം ബന്ധപ്പെട്ടവരെ രേഖാമൂലം അറിയിക്കേണ്ടതാണ്.

8. അപ്പീൽ കമ്മിറ്റിയുടെ മിനിട്ട്സ് ഒരു രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കുകയും, മിനിട്ട്സിന്റെ പകർപ്പ് വിദ്യാഭ്യാസ ഡയറക്ടർക്ക് അപ്പീൽ കമ്മിറ്റി ചേർന്നു കഴിഞ്ഞ ഉടൻ തന്നെ അയയ്ക്കുകയും ചെയ്യേണ്ടതാണ്.

### 2.04 സംസ്ഥാനതല അപ്പീൽ കമ്മിറ്റി

1. സംസ്ഥാനതല കലോത്സവ മത്സരങ്ങളുടെ വിധി നിർണ്ണയത്തിനെതിരെയുള്ള പരാതി കേൾക്കുന്നതിനും തീർപ്പു കൽപ്പിക്കുന്നതിനുമായി പൊതു വിദ്യാഭ്യാസ ഡയറക്ടർ ചെയർമാനായുള്ള അപ്പീൽ കമ്മിറ്റിയിൽ എച്ച്.എസ്.ഇ ഡയറക്ടറും വി.എച്ച്.എസ്.ഇ ഡയറക്ടറും അംഗങ്ങളായിരിക്കും. ഇവർക്ക് പുറമെ അപ്പീൽ കമ്മിറ്റിയിൽ വിവിധ കലാരംഗത്ത് പ്രാവീണ്യമുള്ള പ്രശസ്തരായ കലാകാരന്മാരെ പൊതു വിദ്യാഭ്യാസ ഡയറക്ടർ നിയമിക്കേണ്ടതാണ്. താഴെ പറയുന്ന വിവിധ

കലാരംഗങ്ങളിൽ പ്രവർത്തിക്കുന്ന പ്രശസ്തരായ കലാകാരന്മാരെ പൊതു വിദ്യാഭ്യാസ ഡയറക്ടർ മെമ്പർമാരായി, അവരുടെ സമ്മതത്തോടെ നാമനിർദ്ദേശം ചെയ്യണം. അപ്പീൽ കമ്മിറ്റിയിൽ ചെയർമാനുൾപ്പെടെ 11 അംഗങ്ങൾ ഉണ്ടായിരിക്കും.

1. ശാസ്ത്രീയ നൃത്തങ്ങളിൽ വിദഗ്ധൻ/വിദഗ്ധ
2. ശാസ്ത്രീയ ലളിതസംഗീതത്തിൽ വിദഗ്ധൻ/ വിദഗ്ധ
3. മാപ്പിളകലകളിൽ വിദഗ്ധൻ /വിദഗ്ധ
4. ഉപകരണ സംഗീതത്തിൽ വിദഗ്ധൻ/വിദഗ്ധ
5. ചിത്രകലയിൽ വിദഗ്ധൻ/ വിദഗ്ധ
6. താളവാദ്യത്തിൽ വിദഗ്ധൻ/ വിദഗ്ധ
7. ഭാഷാസാഹിത്യത്തിൽ വിദഗ്ധൻ/വിദഗ്ധ
8. അഭിനയകലകളിൽ വിദഗ്ധൻ/വിദഗ്ധ

2. അപ്പീൽ കമ്മിറ്റി രൂപീകരിച്ചു കൊണ്ടുള്ള ഔദ്യോഗിക ഉത്തരവ് പൊതു വിദ്യാഭ്യാസ ഡയറക്ടർ പുറപ്പെടുവിക്കേണ്ടതാണ്. മുകളിൽ സൂചിപ്പിച്ചിട്ടുള്ള വിദഗ്ധർക്കു പുറമെ ഏതെങ്കിലും വിഭാഗത്തിൽ വിധി നിർണയത്തിന് വിദഗ്ധരുടെ സേവനം ആവശ്യമായി വരികയാണെങ്കിൽ അവരെ ഉൾപ്പെടുത്തുന്നതിന് ചെയർമാന് അധികാരമുണ്ടായിരിക്കും.

3. ലഭിക്കുന്ന പരാതികളുടെ ഉള്ളടക്കം പരിശോധിച്ച് നടപടിയെടുക്കുവാനും വീണ്ടും വിധിപ്രഖ്യാപിക്കുവാനും അപ്പീൽ കമ്മിറ്റിക്ക് അധികാരമുണ്ടായിരിക്കും. ഇക്കാര്യത്തിൽ അപ്പീൽ കമ്മിറ്റിയുടെ വിധി അന്തിമമായിരിക്കും.

4. അപ്പീൽ പരിശോധിച്ച് അനുവദിച്ചാൽ മാത്രമേ പരാതിക്കാരന് തുക തിരികെ ലഭിക്കുകയുള്ളൂ. അല്ലാത്തപക്ഷം ഈ തുക ഫെസ്റ്റിവൽ ഫണ്ടിലേക്ക് മുതൽക്കൂട്ടുന്നതാണ്.

5. അപ്പീൽ കമ്മിറ്റി അംഗങ്ങളുടെ ബയോഡേറ്റ ചെയർമാൻ വാങ്ങി സൂക്ഷിക്കേണ്ടതാണ്.

6. അപ്പീൽ കമ്മിറ്റി അംഗങ്ങളായി നിയമിക്കപ്പെടുന്നവർ മാനുവലിൽ പറയുന്ന സത്യപ്രസ്താവന അനുബന്ധം Vൽ ചെയർമാന് നൽകേണ്ടതാണ്.

7. സംസ്ഥാനതല മത്സരഫലം പ്രഖ്യാപിച്ച് ഒരു മണിക്കൂറിനകം 1000 രൂപ ഫീസ് സഹിതം അനുബന്ധം IIIൽ കൊടുത്തിരിക്കുന്ന ഫോറത്തിൽ പരാതികൾ തയ്യാറാക്കി ഒപ്പിട്ട് ബന്ധപ്പെട്ട പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് മത്സരാർത്ഥി/ടീം മാനേജർ നൽകേണ്ടതാണ്. അപ്പീൽ തീർപ്പ് അനുകൂലമായാൽ അപ്പീൽ ഫീസ് മുഴുവൻ തിരിച്ചു നൽകുന്നതാണ്.

8. സംസ്ഥാനതല അപ്പീൽ കമ്മിറ്റി സാങ്കേതികവും നിയമപരവുമായ കാര്യങ്ങൾ മാത്രം പരിഗണിച്ച് വിശകലനം ചെയ്യേണ്ടതും കാര്യകാരണ സഹിതം വിശദമായ നടപടി ഉത്തരവ് പുറപ്പെടുവിക്കേണ്ടതുമാണ്.

9. പരാതികൾ അപ്പീൽ കമ്മിറ്റി വിശദമായി പരിശോധിച്ച് തീരുമാനം എടുക്കണം. തീരുമാനം ബന്ധപ്പെട്ടവരെ രേഖാമൂലം അറിയിക്കേണ്ടതാണ്.

10. അപ്പീൽ കമ്മിറ്റിയുടെ മിനിട്ട്സ് ഒരു രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

11. സംസ്ഥാനതല മത്സരത്തിൽ ജില്ലാതല അപ്പീലിലൂടെ വരുന്ന മത്സരാർത്ഥി, ജില്ലാതലത്തിൽ നിന്നും മത്സരിച്ച് വിജയിച്ച മത്സരാർത്ഥിയെക്കാൾ സ്കോർ മെച്ചപ്പെടുത്തിയാൽ മാത്രമെ ഗ്രേസ് മാർക്ക് ആനുകൂല്യങ്ങൾക്ക് പരിഗണിക്കുകയുള്ളൂ.

12. ജില്ലാതല അപ്പീലിലൂടെ സംസ്ഥാനതല മത്സരത്തിൽ പങ്കെടുക്കുന്ന മത്സരാർത്ഥി 5000/- രൂപ നിരതദ്രവ്യം കെട്ടി വെക്കേണ്ടതാണ്. 11ാം ഖണ്ഡികയിൽ പറഞ്ഞിരിക്കുന്ന പ്രകാരം സ്കോർ മെച്ചപ്പെടുത്തിയില്ലെങ്കിൽ തുകയും സർട്ടിഫിക്കേറ്റും ലഭിക്കുകയില്ല.

സെക്ഷൻ ഓഫീസർ